**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1354

04.02.2019- ൽ
മറുപടിയ്ക്ക്

## പുറമ്പോക്ക് ഭൂമി ഏറ്റെടുക്കാൻ നടപടി

ചോദ്യം
ശ്രീ.ടി.എ.അഹമ്മദ് കബീർ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മങ്കടയിൽ തൊഴിൽ വകുപ്പിനുകീഴിൽ പോളിടെക്നിക്കിനുവേണ്ടി മൂന്ന് ഏക്കർ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; | എ) പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വില്ലേജിൽ കർക്കിടകം ദേശം 48/1, 48/12 എന്നീ സർവ്വെ നമ്പറുകളിലായി ഏറ്റെടുത്തിട്ടുള്ളതും പൊതു ആവശ്യത്തിന് മാറ്റി വച്ചതുമായ 3.82 ഏക്കർ മിച്ചഭൂമിയിൽ പുഴക്കാട്ടിരി ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് 21.5.2018-ൽ സമർപ്പിച്ചിട്ടുള്ളതും ആയത് ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ച വരുന്നതുമാണ്. ഇക്കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാർ തലത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ |
| ബി) ഇതുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | ബി) പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, ടി ആവശ്യത്തിനായി ഭൂമി ലഭ്യമാണോ എന്നും ലഭ്യമായ ഭൂമി അനുയോജ്യമാണോ എന്നുമുള്ള കാര്യങ്ങൾ ജില്ലാ കളക്ടർ പരിശോധിച്ച വരികയാണ്. |

സെക്ഷൻ ഓഫീസർ